പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 289 — 26.02.2018 -ൽ മറുപടിക്ക്.

# പെട്രോളിലും ഡീസലിലും മായം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ നടന്ന റെയ്ഡിൽ പെട്രോളിലും ഡീസലിലും വ്യാപകമായി മായം കലർത്തുന്നതും പെട്രോൾ അടിക്കുമ്പോൾ കാണിക്കുന്ന റീഡിംഗ് അമിത വേഗത്തിലാക്കി മാറ്റി കൃത്രിമത്വം കാണിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഉപഭോക്താവിന് അയാൾ നൽകുന്ന തുകയ്ക്ക് അർഹമായ അളവിൽ ഇന്ധനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ;<br>(സി) ഇത്തരം ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും ഉപഭോക്താവിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) ഉപഭോക്താവിന് നല്കുന്ന തുകയ്ക്ക് അർഹമായ അളവിൽ ഇന്ധനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും പെട്രോൾ/ ഡീസൽ ഡിസ്പെൻസിംഗ് യൂണിറ്റുകൾ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തുകയും ഇടവിട്ട് മിന്നൽ പരിശോധന നടത്തുകയും ചെയ്യുന്നു. ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥർ മുദ്രണം ചെയ്ത മെഷറിംഗ് ജാർ അളവ് പരിശോധിക്കുന്നതിനായി പെട്രോളിയം ഔട്ട് ലെറ്റുകളിൽ ലഭ്യമാണ്. എണ്ണക്കമ്പനികളുടെ ഉദ്യോഗസ്ഥരും സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് പെട്രോളിയം ഔട്ട് ലെറ്റുകളിൽ പരിശോധന നടത്തി അളവിന്റെയും ഗുണനിലവാരത്തിന്റെയും കൃത്യത ഉറപ്പ് വരുത്തുകയും ക്രമക്കേടുകൾ കണ്ടാൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എണ്ണക്കമ്പനികളുടെ ആന്റി അഡൽട്ടറേഷൻ സെൽ പെട്രോളിയം ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി മിന്നൽ പരിശോധനകൾ നടത്താറുണ്ട്. ഭാവിയിലും ഇത്തരം പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**